## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3363

08.11.2019 - ൽ
മറുപടിയ്ക്ക്

# നീര ഉല്പാദന കമ്പനികൾ

**ചോദ്യം**
**ശ്രീ.എൻ. ഷംസുദ്ദീൻ**

**മറുപടി**
**ശ്രീ.വി.എസ്.സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) സംസ്ഥാനത്ത് എത്ര നീര ഉല്പാദന കമ്പനികൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്; എങ്കിൽ അവയുടെ വിശദാംശം നൽകാമോ ; | എ) സംസ്ഥാനത്ത് 8 നീര ഉല്പാദന കമ്പനികൾക്ക് കൃഷി വകുപ്പ് മുഖേന ധനസഹായം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ **അനുബന്ധം** ആയി ചേർക്കുന്നു. |
| ബി) പ്രസ്തുത കമ്പനികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ? | ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിലെ നാളികേര വികസനം ലക്ഷ്യമാക്കി നാളികേരത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നമായ നീര ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 2017-18 വരെ നീര ഉത്പാദനവുമായി ബന്ധപ്പെട്ട് നാളികേര വികസന ബോർഡ് മുഖേന, വിവിധ നാളികേര ഉത്പാദക കമ്പനികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. മേൽപറഞ്ഞ ധനസഹായം വായ്പാധിഷ്ഠിത സബ്സിഡി ആയിട്ടാണ് നൽകിയത്. എന്നാൽ നിലവിൽ നീര ഉത്പാദിപ്പിക്കുന്ന പല നാളികേര കമ്പനികളും, പല കാരണങ്ങളാലും അടച്ചുപൂട്ടലിന്റെ വക്കിൽ ആണ്. ഈ കമ്പനികളെ പുനരുദ്ധരിക്കുന്നതിനും, പ്രവർത്തന സജ്ജമാക്കുന്നതിനും സർക്കാർ നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിന്റെ ഭാഗമായി ടി കമ്പനികൾ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എടുത്ത വായ്പ കുടിശ്ശിക സ്റ്റാൻഡേർഡ് ആക്കുന്നതിനായി, സംസ്ഥാന സർക്കാർ നൽകിയിരിക്കുന്ന സബ്സിഡി പ്രസ്തുത അക്കൗണ്ടുകളിലേക്ക് ക്രമീകരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | കമ്പനിയുടെ പേര്, വിലാസം | ഉത്പാദനശേഷി | ഉത്പന്നങ്ങൾ | സബ്സിഡി (ലക്ഷം) |
|---|---|---|---|---|
| 1. | കടത്തനാട് നാളികേര ഉത്പാദക കമ്പനി, മൊകേരി,കക്കട്ടിൽ, കോഴിക്കോട് | 8000 ലിറ്റർ | നീര | 50 |
| 2. | പേരാമ്പ്ര നാളികേര ഉല്പാദക കമ്പനി, അലങ്കാർ ആർകേഡ്, പേരാമ്പ്ര, കോഴിക്കോട് | 10000 ലിറ്റർ | നീര | 50 |
| 3. | തിരൂർ നാളികേര ഉത്പാദക കമ്പനി, മട്ടന്നൂർ, മലപ്പുറം | 5000 ലിറ്റർ | നീര | 50 |
| 4. | പാലക്കാട് നാളികേര ഉല്പാദക കമ്പനി, ഉറകുളം, മുതലമട | 3200 ലിറ്റർ | നീര | 47.1125 |
| 5. | വടകര നാളികേര ഉല്പാദക കമ്പനി, കരിമ്പനപാലം കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ റോഡ്, വടകര, കോഴിക്കോട് | 4000 ലിറ്റർ | നീര | 44.16 |
| 6. | കൈപ്പുഴ നാളികേര ഉല്പാദക കമ്പനി, കുറ്റിക്കാട്ടുവിളയിൽ, തേവലക്കര, കൊല്ലം | 7500 ലിറ്റർ | നീര | 50 |
| 7. | കുറ്റിയാടി നാളികേര ഉല്പാദക കമ്പനി, കുറ്റിയാടി പോസ്റ്റ്, വടകര താലൂക്ക്, കോഴിക്കോട് | 10000 ലിറ്റർ | നീര | 50 |
| 8. | കരപ്പുറം നാളികേര ഉത്പാദക കമ്പനി, കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് പരിസരം, എസ്.എൻ.പുരം, ആലപ്പുഴ | 2500 ലിറ്റർ | നീര | 50 |

സെക്ഷൻ ഓഫീസർ